കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: *lfaddistofficeknr@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ എസ് എ / കെ എൻ ആർ /സി5.2045/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.

e-Mail: *lfaddistofficeknr@gmail.com*

Phone: 0497 - 2707698

തീയ്യതിഃ 07.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന ),

മാലൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്.

പി.പി.യു

നം. കെഎസ്എ /കെഎൻആർ/സി5.2045/2016

തിയ്യതി: 07.12.2016

# കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർജില്ലയിലെ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ.മഠത്തിൽ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 8.11.2016 മുതൽ 16.11.2016വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രമേശൻ കാരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.അനൂപ്.കെ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

<table>
<tr><td colspan="3">പേര്</td><td>കാലയളവ്</td></tr>
<tr><td colspan="3">ശ്രീമതി.എം. ശാന്തകുമാരി – പ്രസിഡണ്ട്</td><td>1.04.15<br>മുതൽ31.10.15വരെ</td></tr>
<tr><td>ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ</td><td>സെക്രട്ടറി</td><td rowspan="3">(ഭരണനിർവ്വഹണ കമ്മിറ്റി അംഗം)</td><td rowspan="3">1.11.15മുതൽ18.11.15വരെ</td></tr>
<tr><td>ശ്രീമതി.എ.വി.ശോഭന</td><td>(ഐ സി ഡി എസ് സൂപ്പർവൈസർ)</td></tr>
<tr><td>ശ്രീ.പി.എൻ.ശ്രീനിവാസൻ</td><td>(കൃഷിഓഫീസർ)</td></tr>
<tr><td colspan="2">ശ്രീ.പി.അശോകൻ</td><td>പ്രസിഡന്റ്</td><td>19.11.15മുതൽ31.03.16വരെ</td></tr>
</table>

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ | 1.04.2015 മുതൽ 31.03.2016വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ..പി.എൻ.ശ്രീനിവാസൻ | 1.04.15മുതൽ 31.03.16 വരെ |
| വി ഇ ഒ | ശ്രീ.പി.നിരൂപ് കുമാർ | 1.04.15മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പി.വി.സുനിൽകുമാർ | 1.04.15മുതൽ01.10.15 വരെ |
| | ഡോ.ആഷ | 02.10.15മുതൽ30.12.15വരെ |
| | ഡോ.ജോൺസൺ പി.ജോൺ | 31.12.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ.പി.സുധീര | 1.04.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ പി .എച്ച്.സി. | ഡോ.കെ.പി.മഞ്ജുള | 1.04.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയ്യുർവേദ ഡിസ്പെൻസറി) | ഡോ.പി.മുഹമ്മദ് | 1.04.15മുതൽ 31.03.16 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.എ.വി.ശോഭന | 1.04.15മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സി.പ്രീത | 1.04.15മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ടി.രമേശൻ. | 01.04.15മുതൽ31.05.15വരെ |
| | ശ്രീ.എം.പ്രകാശ് ബാബു | 01.06.15മുതൽ31.03.16വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(8) | |
| 9 | ക്ഷേമപദ്ധതികൾ | 1(9) | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1(10) | |
| 11 | ഗ്രാമസഭ | 1(11) | |
| | ഭാഗം- 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| 12 | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിൻമേൽ നികുതി കണക്കാക്കിയില്ല. 9,129/ രൂപയുടെ വരവ് നഷ്ടം | 2(1) | |
| 13 | മുഴവൻ സ്ഥാപനങ്ങളും ഡി& ഒ ലൈസൻസെടുക്കുന്നില്ല : സ്ഥാപനങ്ങളുടെ പ്രവർത്തനം അനധികൃതം | 2(2) | |
| 14 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ--നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 2(3) | |
| 15 | യഥാർത്ഥ ഉപയോഗത്തിന്റെ അടിസ്ഥാത്തിൽ വസ്തു നികുതി ഈടാക്കുന്നില്ല. | 2(4) | |
| 16 | തൊഴിൽ നികുതി - വരവ് പൂർണ്ണമാണോ എന്നുറപ്പു വരുത്തുന്നില്ല | 2(5) | |
| 17 | തൊഴിൽനികുതി കണക്കാക്കുന്നതിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു. | 2(6) | |
| 18 | സ്ഥാപന തൊഴിൽ നികുതി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നില്ല. | 2(7) | |
| 19 | പണമാക്കാത്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ | 2(8) | |
| 20 | തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടിയെടുക്കുന്നില്ല | 2(9) | |

| | | | |
|---|---|---|---|
| | ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമായില്ല. 28,650/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 3(1) | |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖ ലംഘനം -അർഹതപ്പെട്ട ധനസഹായം നൽകിയില്ല | 3(2) | |
| 23 | പൂർത്തിയാകാത്ത ഭവന നിർമ്മാണ പദ്ധതി | 3(3) | |
| 24 | എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല-തുക6,00,000 തടസ്സപ്പെടുത്തുന്നു | 3(4) | |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് -തുക 8,60,000 തടസ്സപ്പെടുത്തുന്നു. | 3(5) | |
| 26 | ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ- ഡ്രൈവിംഗ് ലൈസൻസ് ഹജരാക്കിയില്ല, 2,11,632/- രൂപ തടസ്സപ്പെടുത്തുന്നു. | 3(6) | |
| 27 | അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ അപാകതകൾ- 57,800 തടസ്സപ്പെടുത്തുന്നു | 3(7) | |
| 28 | ഗുണഭോക്തൃ സമിതി പ്രവൃത്തികളിലെ അപാകതകൾ | 3(8) | |

| | | | |
|---|---|---|---|
| 29 | നിട്ടാറമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം- അപാകങ്ങൾ | 3(9) | |
| 30 | പുസ്തകം വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല.14,820/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3(10) | |
| 31 | ടോയ് ലറ്റ് നിർമാണം . സാക്ഷ്യപത്രം സമർപ്പിച്ചില്ല. | 3(11) | |
| 32 | വിഭാവനം ചെയ്തരീതിയിൽ പ്രോജക്ട് നടപ്പാക്കിയില്ല- 42000/-രൂപ തടസ്സപ്പെടുത്തുന്നു. | 3(12) | |
| 33 | മാർഗരേഖക്ക് വിരുദ്ധമായ ചെലവ് - 52000/- രൂപ തടസ്സപ്പെടുത്തുന്നു | 3(13) | |
| 34 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. സർക്കാർ നിശ്ചയിച്ച നിരക്കിൽ വിതരണം ചെയ്തില്ല.1,36,900/- രൂപ ഗുണഭോക്താക്കൾക്ക് കുറവ് വന്നത് വിശദീകരിക്കേണ്ടതാണ്. | 3(14) | |
| 35 | ഈടാക്കിയ നികുതി വാണിജ്യ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3(15) | |
| 36 | കാലിത്തൊഴുത്ത് നിർമാണം- അർഹതപ്പെട്ട മുഴുവൻ തുകയും ഗുണഭോതക്താക്കൾക്ക് നൽകിയില്ല. | 3(16) | |

| | | | |
|---|---|---|---|
| 37 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1,87,500/- രൂപ തടസ്സപ്പെടുത്തുന്നു | 3(17) | |
| 38 | സർക്കാർ നിശ്ചയിച്ച നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയില്ല. | 3(18) | |
| 39 | ആശ്രയ പദ്ധതി -പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. | 3(19) | |
| 40 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകതകൾ | 3 (20) | |
| ഭാഗം-IV<br>പൊതു വിവരവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 46 | ഓഡിറ്റ് റിക്കവറി | 4(6) | |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |

| | | | |
|---|---|---|---|
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 49 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 50 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| | അനുബന്ധം -2 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |
| | അനുബന്ധം -3 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | അനുബന്ധം -4 ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 ലെ 44/15 -ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു

ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 39,38,447.06 | 1,46,12,121.36 | | | |
| വരവ് | 8,37,32,322.00 | 3,33,88,271.00 | | 5,03,44,051.00 | (-) 60.12 |
| ആകെ | 8,76,70,769.06 | 4,80,00,392.36 | | 3,96,70,376.70 | (-) 45.24 |
| ചെലവ് | 8,54,73,000.00 | 4,23,71,925.00 | | 4,31,01,075.00 | (-)50.42 |

| | | | | | |
|---|---|---|---|---|---|
| നീക്കിയിരിപ്പ് | 21,97,769.06 | 56,28,467.36 | | | |

ബജറ്റും പ്രതീക്ഷിത വരവും ചെലവുമായി ഭീമമായ അന്തരമുണ്ട്. ബജറ്റ് യഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 2.7.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10.11.2016 | ഇതേ റിപ്പോർട്ട് നമ്പർ &തിയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1. RP36 ൽ ഡി & ഒ ലൈസൻസ് ഫീസിലെ മുൻകൂർ ലഭിച്ച തുക ബാലൻസ് ഷീറ്റിലെ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് രജിസ്റ്ററിലെ തൊഴിൽ നികുതി,ഡി & ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് തുകയും ഇൻകം & എക്സ്പെന്റിച്ചറിലെ ഡിമാന്റ് തുകയുനായി പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റിൽ Capital work in progress എന്നതിൽ പാർട്ട് ബിൽ നൽകിയ മുഴുവൻ തുകയും ചേർത്തിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. ഷെഡ്യൂളുകളിലെ തുകകളിലെ വ്യത്യാസത്തിന് Notes on accounts തയ്യാരാക്കിയിട്ടില്ല.
6. ഇ എം എസ് ഭവന വായ്പ / വായ്പാതിരിച്ചടവ് വായ്പ രജിസ്റ്റർ പ്രകാരമുള്ള തുകയല്ല വാർഷീക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്
7. ശാരീരിക മാനസീക വെല്ലുവിളിനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിഹിതമായി, ചെക്ക് മുഖേന ലഭിച്ച ബ്ലോക്ക്പഞ്ചായത്ത് വിഹിതം തുക 50,000 വാർഷീക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല
8. മറ്റു നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

2015-16വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവിവരം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,46,12,121.36 |
| വരവ് | 3,33,88,271.00 |
| ആകെ | 4,80,00,392.36 |
| ചെലവ് | 4,23,71,925.00 |
| നീക്കിയിരിപ്പ് | 56,28,467.36 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 29,53,970 | 13,42,473 | (+)53,40,370 | 96,36,813 | 96,36,813 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3,53,951 | 5,36,146 | (-) 3,53,951 | 5,36,146 | 5,36,146 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 2,63,535 | 6,26,046 | (-)2,63,535 | 6,26,046 | 6,26,046 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 24,73,578 | | 24,73,578 | 24,73,578 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡിതരം ) | 7,20,311 | 20,94,593 | | 28,14,904 | 28,14,904 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,05,484 | 54,32,776 | (-)18,20,972 | 48,17,288 | 48,17,288 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 29,18,792 | 28,87,451 | (-)29,01,912 | 29,04,331 | 29,04,331 | 0 | 100 |
| എം. ജി. എൻ. ആർ.ഇ.ജി.എസ്. | 9936.92 | 3,37,918 | | 3,47,854.92 | 3,47,378.0 | 476.92 | 99.36 |
| ബി ഫണ്ട് | | 1,98,64,815 | | 1,98,64,815 | 1,98,64,815 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നട പ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 137 | 5,38,87,437 | 115 | 3,19,17,473 | 10 | 22 | 76.64 |

## 1-7 തനത് വരുമാനം.

2015-16

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.21 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 25,75,309 | 26,33,263 | 57,954 | (+) 2.25 |
| ഫീസ് | 1,81,537 | 1,96,321 | 14,784 | (+) 8.14 |
| മറ്റുവരവുകൾ | 5,88,069 | 7,93,320 | 2,05,251 | (+) 34.40 |
| ആകെ | 33,44,915 | 36,22,904 | 2,77,989 | 45.29 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.9.2016 | 1.7.2016 മുതൽ 31.8.2016വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2011മുതൽ 15.3.2011 വരെ | 2005- 06മുതൽ 2009- 10വരെ | 17.04.2011 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,92,680 | 173 |
| കർഷകതൊഴിലാളി പെൻഷൻ | 50,23,380 | 657 |
| വിധവാപെൻഷൻ | 51,91,640 | 548 |
| വാർദ്ധക്യകാലപെൻഷൻ | 56,13,570 | 581 |
| വികലാംഗപെൻഷൻ | 22,98,345 | 210 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,25,200 | 105 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന11.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3,010രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2015-16 വർഷത്തിൽ ആകെ 7തവണ ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഇതിൽ പഴയ ഭരണസമിതിയുടെ കാലത്ത് 4 ഉം പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം 3 ഉം. ഗ്രാമസഭയിൽ ക്വാറം തികയാൻ വേണ്ട എണ്ണം വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായതിരുന്നതായി

ഗ്രാമസഭാ മിനുട്സുകളിൽ നിന്നും മനസ്സിലാവുന്നു.

## 1-12 ആഭ്യന്തര നിയന്ത്രണം

1994ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചയത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചയത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചയത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

<u>(ഒന്ന്) സ്റ്റാഫ് മീറ്റിങ് :</u> ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഈകാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>(രണ്ട്) ഓഫീസ് ഉത്തരവ് :</u> ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് :</u> രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കോളങ്ങൾ എഴുതി പൂർണ്ണമാക്കിയിട്ടില്ല

<u>(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :</u>കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

## 1-13 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല.

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് ഭരണസമിതി രൂപീകരിക്കപ്പെട്ടതിനുശേഷം ആറു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. മാലൂർ ഗ്രാമപഞ്ചായത്തിൽ ആയത് പ്രസിദ്ധീകരിക്കുകയുണ്ടായില്ല. കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളുടെ ലംഘനം പുതിയ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിന്മേൽ നികുതി കണക്കാക്കിയില്ല : 9,129/- രൂപയുടെ വരവ് നഷ്ടം

മാലൂർ ഗ്രാമപഞ്ചായത്തിലെ 15-12-11 ലെ 117/11 നമ്പർ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു. ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായിരിക്കുന്നതാണ്. (കേ.പ.രാ.ആക്ട് സെക്ഷൻ 203 (2) ബി,203(6).(9)എന്നിവയിലെ നിർദ്ദേശപ്രകാരം).എന്നാലിതിനു വിരുദ്ധമായി ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന എകനില /ബഹുനില കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ മുറികൾക്കും പ്രത്യേകം പ്രത്യേകം നികുതി കണക്കാക്കിയതായാണ് ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളുടെ പരിശോധനയിൽ വ്യക്തമായത്.ഇപ്രകാരം വസ്തുനികുതി കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തുനികുതി നിരക്കിൽ കാര്യമായ വ്യത്യാസം വരികയും കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതിയിൽ വൻ കുറവ് വരികയും ചെയ്യുന്നു. ഇത്തരത്തിൽ നികുതി നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമസ്ഥന്റെ പേര്/കെട്ടിടത്തിന്റെ തരം | വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഇളവ് | വർദ്ധനവ് | വസ്തുനികുതി കണക്കാക്കിയത് (ലൈബ്രറി സെസ്സ് ഉൾപ്പെടെ) @30/-per $m^2$ |
|---|---|---|---|---|---|
| സെക്രട്ടറി&പ്രസിഡണ്ട് ബദർ മസ്ജിദ് കമ്മിറ്റി ശിവപുരം/ഷോപ്പ് | I/192A | 31.373 | ദ്വിതീയ മേഖല 10% | 5 മീറ്റർ റോഡ് 20% | 1088 |
| | I/192B | 31.373 | ദ്വിതീയ മേഖല 10% | 5 മീറ്റർ റോഡ് 20% | 1088 |
| | I/192C | 31.373 | ദ്വിതീയ മേഖല 10% | 5 മീറ്റർ റോഡ് 20% | 1088 |

| | | | | | |
|---|---|---|---|---|---|
| | I/192D | 31.373 | ദ്വിതീയ മേഖല 10% | 5 മീറ്റർ റോഡ് 20% | 1088 |
| | I/192E | 36.164 | ദ്വിതീയ മേഖല 10% | 5 മീറ്റർ റോഡ് 20% | 1254 |
| ആകെ വിസ്തീർണ്ണം | | 161.656 | ആകെ നികുതി | | 5606 |
| പ്രസിഡണ്ട്, ശിവപുരം ജമാഅത്ത് കമ്മിറ്റി,ശിവപുരം/ഷോപ്പ് | II/370A | 27.27 | ഇല്ല | രണ്ടാംതരം റോഡ് 20% | 980 |
| | II/370B | 27.27 | -do- | -do- | 980 |
| | II/370C | 27.27 | -do- | -do- | 980 |
| | II/370D | 29.048 | -do- | -do- | 1099 |
| | II/370E | 29.048 | -do- | -do- | 1099 |
| | II/370F | 27.27 | -do- | -do- | 980 |
| | II/370G | 29.048 | -do- | -do- | 1099 |
| | II/370H | 29.048 | -do- | -do- | 1099 |
| | II/370I | 29.048 | -do- | -do- | 1099 |
| ആകെ വിസ്തീർണ്ണം | | 254.32 | ആകെ നികുതി | | 9415 |

മേൽ കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചുമത്തേണ്ട വസ്തുനികുതി താഴെ പറയും പ്രകാരമാണ്.

| കെട്ടിടഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം | ഇളവ് | വർദ്ധന | ഈടാക്കേണ്ട വസ്തുനികുതി (ലൈബ്രറി സെസ്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടെ) @50/-per $m^2$ |
| സെക്രട്ടറി&പ്രസിഡണ്ട് ബദർ മസ്ജിദ് കമ്മിറ്റി | 161.656 ച.മീ | ദ്വിതീയമേഖല 10%=808.2 | 5 മീറ്റർ റോഡ് 20%=1616.56 | 161.656 ച.മീx50=8082.8/- ഇളവും വർദ്ധനവും കഴിഞ്ഞ് 8891/-രൂപ |
| പ്രസിഡണ്ട്, ശിവപുരം ജമാഅത്ത് കമ്മിറ്റി,ശിവപുരം/ഷോപ്പ് | 254.32 | ഇല്ല | 20%=2543.2 | 254.32x50=12,716 +2543.2=15,259/- |

വസ്തുനികുതി ഈടാക്കിയതിലെ കുറവ്

| കെട്ടിടഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ)@50/-per $m^2$ | ഈടാക്കിയ വസ്തുനികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ)@30/-per $m^2$ | കുറവ് |
|---|---|---|---|
| സെക്രട്ടറി&പ്രസിഡണ്ട് ബദർ മസ്ജിദ് കമ്മിറ്റി | 8891/- | 5606/- | 3285/- |
| പ്രസിഡണ്ട്, ശിവപുരം ജമാഅത്ത് കമ്മിറ്റി,ശിവപുരം | 15,259/- | 9415/- | 5,844/- |
| ആകെ കുറവ് വന്ന നികുതി | | | 9,129/- |

ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതിയിനത്തിൽ കുറവ് വന്ന തുക കുടിശ്ശികയടക്കം ഈടാക്കേണ്ടതുമാണ്.

## 2-2 മുഴുവൻ സ്ഥാപനങ്ങളും ഡി& ഒ ലൈസൻസെടുക്കുന്നില്ല : സ്ഥാപനങ്ങളുടെ പ്രവർത്തനം അനധികൃതം

2014-15 ൽ മാലൂർ ഗ്രാമ പഞ്ചായത്തിൽ 291 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസെടുത്തിട്ടുണ്ട്. എന്നാൽ 2015-16 ൽ 260 സ്ഥാപനങ്ങൾ മാത്രമേ ഡി&ഒ ലൈസൻസെടുത്തതായി കാണുന്നുള്ളൂ. താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസെടുത്തതായികാണുന്നില്ല.

1. പഞ്ചായത്തിൽ 3 കള്ള് ഷാപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഒരു കള്ള് ഷാപ്പിന് മാത്രമേ ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ളൂ.
2. ക്ഷീരോത്പാദക സഹകരണ സംഘം , തോലമ്പ്ര ഡി&ഒ ലൈസൻസെടുത്തിട്ടില്ല.
3. മാലൂർ പഞ്ചായത്ത് റബ്ബർ കർഷക സഹകരണസംഘത്തിൽ നിന്നും ഡി&ഒ ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീ 09-11-2016) ഡി & ഒ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പ്രസ്തുത സ്ഥാപനങ്ങൾക്ക പിഴ സഹിതം ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

## 2-3 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ--നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2008 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ, കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിന് അനുമതി ലഭിക്കുന്നതിനായി 32 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 24 കെട്ടിടങ്ങളുടെ മാത്രമേ നിർമ്മാണം പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയിട്ടുള്ളൂ. ബാക്കിയുള്ള 8 കെട്ടിടങ്ങളുടെ കാര്യത്തിൽ ഓഡിറ്റ് തീയതി വരേയും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ കാര്യത്തിൽ അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നുറപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് നികുതിയിനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 യഥാർത്ഥ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കുന്നില്ല.

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന്/വിദ്യാഭ്യാസാവശ്യത്തിന് എന്ന തരത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | വാണിജ്യം നടത്തുന്നയാൾ | ആവശ്യം | നികുതി നിർണ്ണയിച്ചത് | പരാമർശങ്ങൾ |
|---|---|---|---|---|---|---|
| 2 | 12/168 | കാരായി മോഹനൻ<br>ചിറ്റവച്ചാൽ<br>എരട്ടേങ്ങൽ | കാരായി മോഹനൻ<br>ചിറ്റവച്ചാൽ<br>എരട്ടേങ്ങൽ | ഹോട്ടൽ | പാർപ്പിടാ വശ്യത്തിന് | @4/-per $m^2$ എന്ന നിരക്കിൽ നികുതി നിശ്ചയിച്ചു. ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിശ്ചയിക്കേണ്ടത്. |

സഞ്ചയ സോഫ്റ്റ് വെയറിൽ ചെയ്യുമ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം പരസ്പരം മാറിപ്പോയതാണെന്നും സ.ഉ (സാധാ). 358/12 തീയ്യതി 16-12-15 പ്രകാരം ഓരോ കെട്ടിടവും പുന പരിശോധിച്ച് തെറ്റുകൾ പരിഹരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയത് കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട യഥാർത്ഥ വരുമാനം സ്ഥിരമായി നഷ്ടമാകുന്ന അവസ്ഥയുണ്ടാകുന്നതാണ്.

## 2-5 തൊഴിൽ നികുതി - വരവ് പൂർണ്ണമാണോ എന്നുറപ്പു വരുത്തുന്നില്ല

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ, പുതുതായി 33 കെട്ടിടങ്ങൾക്ക്

വാണിജ്യാവശ്യത്തിനെന്ന നിലയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 1994ലെ കേ.പ.രാ ആക്ട് സെക്ഷൻ 205(ബി) പ്രകാരം, മേൽ കെട്ടിടങ്ങളിൽ ഉപയോഗം തുടങ്ങിയവയുടെ ലിസ്റ്റ് ആവശ്യപ്പെട്ട് സെക്രട്ടറി നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം കെട്ടിടങ്ങളിൽ വ്യാപാരം തുടങ്ങിയിട്ടുണ്ടെങ്കിൽ തന്നെ അത് പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടാതെ പോകുകയും തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ലഭിക്കാതെ പോകുകയും ചെയ്യുന്നു.കൂടാതെ മേൽ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും.

## 2-6 തൊഴിൽനികുതി കണക്കാക്കുന്നതിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (3) ന്, 24.08.2005 ലെ 31-ാം ആക്ട് പ്രകാരം ഉൾപ്പെടുത്തിയ വിശദീകരണമനുസരിച്ച് ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലുമുള്ള മൊത്തവരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ 2015-16 വർഷത്തിൽ ഇതിനു വിരുദ്ധമായി വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് തൊഴിൽ നികുതി സ്വീകരിച്ചിരിക്കുന്നത്.വീട്ടുവാടക ബത്ത ഉൾപ്പെടുത്തി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | കൃഷി ഭവൻ, മാലൂർ |
| 2 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, പേരാവൂർ |
| 3 | ശിവപുരം ഹയർ സെക്കന്ററി സ്കൂൾ |
| 4 | ഗവ.ഹോമിയോ ഡിസ്പെൻസറി |
| 5 | ഗവ.വെറ്റിനറി ഡിസ്പെൻസറി |

തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കിയതു വഴി അധികനികുതി ഒടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 2-7 സ്ഥാപനതൊഴിൽ നികുതി - വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 6 പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വ്യപാര സ്ഥാപനങ്ങളിൽ നിന്നുള്ള വിറ്റുവരവ് കണക്കാക്കുന്നതിനായി ചട്ടം 10(1) പ്രകാരം VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് നൽകി 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കുന്നതിന് ആവശ്യപ്പെടേണ്ടതാണ്. 2015-16 വർഷത്തിൽ 260 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതികണക്കാക്കുന്നതിന് റിട്ടേൺ സമർപ്പിക്കുന്നതിനായി 10 സ്ഥാപനങ്ങൾക്ക് മാത്രമാണ്പ്രസ്തുത ചട്ട പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. സ്ഥാപനതൊഴിൽ നികുതി കൃത്യമായി കണക്കാക്കുന്നതിനായി മുഴവൻ വ്യാപാര സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പണമാക്കാത്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ

കാഞ്ഞിലേരി - ശിവപുരം സർവീസ് സഹകരണ ബേങ്കിന്റെ പാസ്സ് ബുക്ക് നീക്കിയിരിപ്പ് കേഷ് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുമ്പോൾ പണമാക്കാത്ത ചെക്കുകൾ / ഡി.ഡി. എന്നിവയായി കാണിച്ച താഴെ പറയുന്ന തുകകൾ ഇതുവരെയും പണമാക്കി ബേങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ഡിമാൻഡ് ഡ്രാഫ്റ്റ് നമ്പർ &തീയതി | തുക | ഇനം |
|---|---|---|
| 161340 തീയതി 21.10.2013 | 1,750 | മാവേലി സ്റ്റോർ വാടക |
| ലഭ്യമല്ല | 2,563 | ലഭ്യമല്ല |
| ആകെ | 4,313 | |

ഈ തുകകൾ പണമായി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-9 തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടിയെടുക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയ ടാക്സിനങ്ങൾ വസ്തു നികുതി,തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി, സേവന നികുതി എന്നിവയാണ്. എന്നാൽ 2015-16 വർഷത്തെ ബജറ്റിൽ പിരിച്ചെടുക്കാൻ നിർദ്ദേശിച്ച നികുതിയിനങ്ങൾ വസ്തുനികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് കാണുന്നത്.

കേ.പ.രാ.ആക്റ്റ് സെക്ഷൻ 200(2) പ്രകാരം ശുചിത്വ പരിപാലനം,ജലവിതരണം,സ്കാവൻജിംഗ്,തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ചുമത്താവുന്നതാണ്.

1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ മാലൂർ ഗ്രാമ പഞ്ചായത്തിന് 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവുണ്ടായിട്ടില്ല. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന്സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും ഈടാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമായില്ല;28,650/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നമ്പർ : 27/16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ചെലവ് : 1,50,000/- MG(Non Road)

ബിൽ നമ്പർ : 1/15-16/13-01-16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിനായി, മുകളിൽ കൊടുത്ത പ്രകാരം 1,50,000/- രൂപ പിൻവലിച്ച് (ഡി.ഡി നമ്പർ 721257 dtd 15-01-16 ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ 1,21,350/- രൂപയുടേയും 15,815 രൂപയുടേയും(ആകെ 1,37,165/- രൂപയുടെ മരുന്ന്) മരുന്നുകൾക്കുള്ള ബില്ലുകൾ മാത്രമേ ഫയലിൽ ലഭ്യമായുള്ളൂ. 12,835/- രൂപയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ലെന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി (നം 6/10-11-16) നല്കിയതിനെ തുടർന്ന് 1,21,350/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായതെന്നും സ്ഥാപനം ആവശ്യപ്പെടുന്ന മരുന്നുകൾ പലപ്പോഴും ലഭ്യമാകുന്നില്ലെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകുകയുണ്ടായി. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 28,650/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

മാത്രമല്ല, 15-01-16 ന് തന്നെ ഡി.ഡി എടുത്ത് 18-01-16 ന് ഹോംകോയ്ക്ക് തുക ലഭ്യമായിട്ടുണ്ടെങ്കിലും (രശീതി നം 1021/18-01-16) ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമാകുന്നത് 04-06-16 ന് മാത്രമാണ്. മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമല്ലാത്തതിനാൽ പാനൂർ ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും വായ്പാടിസ്ഥാനത്തിൽ (വകുപ്പിന്റെ അനുമതിയോടെ) വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. മരുന്നുകൾക്ക് ഇത്രയും ക്ഷാമം നേരിടുന്ന സാഹചര്യത്തിലും ഹോംകോ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഇത്രയധികം കാലതാമസം വരുത്തുന്നത് ആശാസ്യമല്ല. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖ ലംഘനം -അർഹതപ്പെട്ട ധനസഹായം നൽകിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് -പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

പ്രോജക്ട് നം -35/16

അടങ്കൽ - 60,000 (വികസന ഫണ്ട്) (എസ് സി പി)

ചെലവ് - 24,194 ബിൽ നം 6 /തീയതി 14.1.2016

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകുന്നതിനായി ,പ്രോജക്റ്റ് വച്ചതിന്റെ അടങ്കൽ ഇപ്രകാരമാണ്. (കസേര - 24,000 , മേശ – 36,000 ) @ 5,000/ ഒരു സെറ്റ് ഫർണ്ണിച്ചർ

ടെണ്ടർ ക്ഷണിച്ചതു പ്രകാരം 3 ടെണ്ടർ ലഭിക്കുകയും ,കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ ഫിഡ്കോ എന്റർപ്രൈസിസ് ,ഒളവണ്ണ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ( സ്റ്റീൽ ടേബിൾ - @1941.9 ,കൈയ്യില്ലാത്ത ഫൈബർ കസേര(നീൽ കമൽ) - @477.5 )ആകെ വില @ 2419.40. ഇത്തരത്തിലുള്ള 10 എണ്ണം വാങ്ങിച്ച 10 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്..

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ(സ.ഉ (എം എസ് )നമ്പർ 362/2013 /ത സ്വ ഭ വ തിരുവനന്തപുരം തീയതി 16.11.2013 അനുബന്ധം 16 – ഖ – 6-8 (3) ൽ പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/ മരം )വാങ്ങി നൽകുന്നതിന് 4,000 രൂപ ധനസഹായം നൽകാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്റ്റിൽ ഉത്തരവിന് വിരുദ്ധമായി ഫൈബർ കസേരയാണ് വാങ്ങിച്ചത്. ആകെ തുക @4,000 അനുവദിക്കാമെങ്കിലും,ആയത് നൽകാതെ ഇതിലും കുറഞ്ഞ തുകയ്ക്ക് ഫൈബർകസേര വാങ്ങി നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 7 തീയതി 11.11.2016) വാങ്ങിച്ച ഫൈബർ കസേരയ്ക്ക് മികച്ച ഗുണനിലവാരമുണ്ടെന്ന് ,നേരിട്ട് കണ്ട് പരിശോധിച്ചതിന്റെയും പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് ഇവ വാങ്ങിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. എന്നാൽ 24.1.2015 ലെ പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിൽ ഗുണനിലവാരത്തെകുറിച്ചോ, നേരിട്ട് പരിശോധിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല. ഫർണ്ണിച്ചറിന്റെ സബ്സിഡി നിരക്കിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പ്രോജക്റ്റ് തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തതെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് അർഹതപ്പെട്ട സബ്സിഡി അനുവദിക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു. സബ്സിഡി മാർഗ്ഗ രേഖ ലംഘനം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-3 പൂർത്തിയാക്കാത്ത ഭവന നിർമ്മാണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് -പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണം

പ്രോജക്റ്റ് നം -32/16

അടങ്കൽ - 6,00,000(എസ് സി പി )

ചെലവ് - 2,10,000

മുകളിൽ പറഞ്ഞ ഭവന നിർമ്മാണപദ്ധതിയിൽ സബ്സിഡിക്ക് അർഹനായ ശ്രീ.ഉദ്ദേഷ് .ടി, കോറോത്ത് ലക്ഷം വീട്, മാലൂർ എന്ന ഗുണഭോക്താവ് 2,10,000 മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള തുക 90,000 നൽകേണ്ടതാണ്.

## 3-4 എസ് എസ് എ വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല-തുക6,00,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് -എസ് എസ് എ വിഹിതം നൽകൽ-

പ്രോജക്റ്റ് നം - 1//16

അടങ്കൽ - 6,00,000വികസന ഫണ്ട് (ജനറൽ)

ചെലവ് - 6,00,000ബിൽ നം 343/ തീയതി 20.8.2015

എസ് എസ് എ വിഹിതം നൽകൽ പദ്ധതിക്ക വേണ്ടി 6,00,000കണ്ണൂർ ജില്ലാപ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാപ്രോജക്റ്റ് ഓഫീസറുടെ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും, എസ്.എസ്.എ. പ്ലാൻ പ്രകാരം ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 6,00,000 തടസ്സപ്പെടുത്തുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് -തുക 8,60,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അതിനാൽ തുക 8,60,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് & പ്രോജക്റ്റ്നം | ഐ എ വൈ വിഹിതം നൽകൽ |
| അടങ്കൽ | 8,60,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 6,60,00 0 (ബിൽ - 344/12.8.2015) |
| | 2,00,000 (ബിൽ -925/14.1.2016) |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് |

## 3-6 ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ– ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയില്ല ₹ 2,11,632 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ - 101/16--ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ

നിർവഹണോദ്യോഗസ്ഥൻ--മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.മാലൂർ.

അടങ്കൽ -- 220000/-

ചെലവ് --211632/-

ബിൽ നമ്പർ -03/-16, -211632/ തീയതി 23-02-.2016

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സ്കൂട്ടർ കൈപ്പറ്റിയ ശ്രീ.സത്യൻ കടത്തനാടൻ, ശ്രീ.മുഹമ്മദ്.എം.എ, രാധിക നാളോൻ എന്നീ ഗുണഭോക്താക്കളുടെ

ഡ്രൈവിംഗ് ലൈസൻസ് ഓഡിറ്റിന് ഹജരാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ 9 പേരുടെ ഗുണഭോക്ത് ലിസ്റ്റിൽ 3പേർ മെയിൻ ലിസ്റ്റിലും 6പേർ വെയ്റ്റിംഗ് ലിസ്റ്റിലും ഉൾപ്പെട്ടവരാണ്. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ആരുടെയും അപേക്ഷയിൽ മാർക്ക് നൽകിയതായി കാണുന്നില്ല. അതിനാൽ ഈ 9 പേരുടെ മുൻഗണന നിശ്ചയിച്ചത് എങ്ങനെ എന്ന് വ്യക്തമല്ല . ആയതിനാൽ ചെലവ് തുക 211632/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ അപാകതകൾ- 57,800 തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 138/16- അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിൽ കമ്പ്യൂട്ടർ വൽക്കരണവും മറ്റ് അനുബന്ധ പ്രവൃത്തികളും

അടങ്കൽ -- 100000/- (ലോക ബാങ്ക് ധനസഹായം)

ചെലവ് -- 100000/- (ബിൽ നം. 14/15-16

--തീയ്യതി 15-01-2016)

കമ്പ്യൂട്ടർ -- 57800/ (D.D.No.721270 dt.16-01- 2106)

അനുബന്ധസാധനങ്ങൾ --42,200/-

മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ ,കസേര തുടങ്ങിയസാധനങ്ങൾ വാങ്ങിയിട്ടുണ്ട് . ടെണ്ടർ സമർപ്പിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സിസ്റ്റോം ഇൻഫോ സൊലൂഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും, കുത്തുപറമ്പിലെ ഗൃഹശ്രീ എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ ടേബിൾ ,കസേര എന്നീ സാധനങ്ങളുമാണ് വാങ്ങിയത്. കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) കമ്പ്യൂട്ടർ വാങ്ങുന്നതിന് ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്ട് നിലവിലുള്ളപ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് അസംബിൾ ചെയ്തവ വാങ്ങാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2) ജി.ഒ. (പി) 259/2010 ത.സ്വ.ഭ.വ 08-11-2010 പ്രകാരം നിർവഹണോദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു വാങ്ങൽ ടീം ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്ത 28-12-2015 ലെ യോഗത്തിൽ നിർവഹണോദ്യോഗസ്ഥൻ പങ്കെടുത്തതായി കാണുന്നില്ല.

3)ടെണ്ടറുകൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

4) അസംബിൾ ചെയ്ത കമ്പ്യൂട്ടറുകൾ വാങ്ങിയതിനാൽ സാധനങ്ങളുടെ ഗുണനിലവാരം ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

മേൽ അപാകതൾ കാരണം കമ്പ്യൂട്ടർ വാങ്ങുന്നതിന് ചെലവഴിച്ച 57800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഗുണഭോക്തൃ സമിതി പ്രവൃത്തികളിലെ അപാകതകൾ

1997 ലെ കേരളപഞ്ചായത്തീരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടത്. എന്നാൽ ഗുണഭോകതൃസമിതി മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളിൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. 2015-16 വർഷം ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം, അപാകതകൾ എന്നിവ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് / കൺവീനർ | പ്രവൃത്തി മൂല്യം | ചെലവ് വിവരം (ബിൽ നമ്പർ /തീയ്യതി, എം ബുക്ക്) |
|---|---|---|---|
| 1 | 46/16—കുന്നത്ത് പൊയിൽ നേതാജി സ്മാരക വായനശാല റോഡ് പുനരുദ്ധാരണം<br>ശ്രീ.പി. സുന്ദരൻ | 94471/-+<br>tax-5366 | ബിൽ നം .25/15-16 തീയ്യതി 29-02-2016—99837/-<br>എം.ബുക്ക് - 47/15-16 |
| 2 | 48/16- അംഗൻ വാടികൾക്ക് റിപ്പയർ<br>ശ്രീ.എൻ.സുരേന്ദ്രൻ | 485165/-+<br>tax-29110 | (പാർട്ട് ബിൽ 160780/-)<br>ബിൽ നം. 07/15-16<br>തീയ്യതി.27-10-15 --126887/-<br>ബിൽ നം. 08/15-16<br>തീയ്യതി 27-10-16--226608/-<br>എം.ബുക്ക്. 52/14-15,<br>53/14-15 |
| 3 | 142 / 16- എലിപ്പറമ്പ് കക്വപ്പാറ റോഡ് ടാറിംഗ്<br>ശ്രീ. കെ.കെ.സജേഷ്. | 462856/ +<br>tax-26151/- | ചെക്ക് നം. 0532931<br>dt.15-02-2016—485556/-<br>എം.ബുക്ക് - 45/15-16<br>വൗച്ചർ നം 04-02/15-16 |
| | ആകെ | 1103119/- | |

അപാകതകൾ:-

1. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2) പ്രകാരം പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകി നിർവ്വഹണ ഉദ്യോഗസ്ഥൻ യോഗം വിളിച്ചു ചേർത്ത് ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി

ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പാടുള്ളൂ. എന്നാൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. . മാത്രമല്ല ഫൈനൽ ബിൽ സമർപ്പിക്കുമ്പോൾ ഗുണഭോക്തൃസമിതിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് പാസ് ബുക്ക് പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

3. പണി തൃപ്തികരമായി പൂർത്തീകരിക്കുന്നതുവരെ ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസാക്കുകയും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും വേണം. എന്നാൽ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്തൃസമിതികൾ രൂപീകരണത്തിനു മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

4. ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ./16.11.2013 ഉത്തരവു പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.11(6) അനുസരിച്ച് ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്ടിൽ പറഞ്ഞ ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയായിരിക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി ഫയലുകളിലൊന്നും തന്നെ ഗുണഭോക്തൃ സമിതിയിലെ അംഗങ്ങൾ ഗുണഭോക്തൃ പ്രദേശത്തെ നിവാസികളാണെന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

5) എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ , ഏതാണ് കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് നൽകുക. എന്നാൽ വരവ്-ചെലവ് കണക്ക പുസ്തകം , വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. എഞ്ചിനീയർ രേഖപ്പെടുത്തിയ തുക തന്നെയാണ് ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ എഞ്ചിനീയർ പരിശോധിച്ചതിന്റെ വിവരങ്ങൾ ഒന്നും അളവ് പുസ്തകത്തിൽ ലഭ്യമല്ല.

6) ഗുണഭോക്തൃ സമിതിയിൽ നിന്നും 2% ആദായനികുതി ഈടാക്കിയിട്ടുണ്ട് എന്നാൽ ഗുണഭോക്തൃ സമിതിയുടെ പേരിലെടുത്ത PAN ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ പ്രവൃത്തികൾ യഥാർത്ഥ ഗുണഭോക്തൃ സമിതികൾ തന്നെ നടപ്പാക്കിയതാണെന്ന് വ്യക്തമല്ല. ചട്ടങ്ങളിലെയും മാർഗ്ഗരേഖകളിലെയും വ്യവസ്ഥകൾ പാലിക്കപ്പെടാതിരിക്കുന്നത് സമിതികളുടെ പ്രവർത്തനം സുതാര്യമല്ലെന്ന് വ്യക്തമാക്കുന്നു. ആയതിനാൽ ചെലവ് തുക 1103119/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 <u>നിട്ടാറമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം- അപാകങ്ങൾ</u>

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : 139/16--നിട്ടാറമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം

അടങ്കൽ : 5,00,000/-

ചെലവ് : 2,94,592/-( Ist & പാർട്ട് ബിൽ)

(ബിൽ നം 45/15-16 തീയ്യതി 30-03-2016—116739/-

ബിൽ നം 46/15-16 തീയ്യതി 30-03-2016—177853/-)

കൺവീനർ : രജീഷ് കണ്ട്യൻ

എഗ്രിമെന്റ് നം : AE/ LSGD/MLR/46/15-16 dtd.21-11-2015

2014-15 ൽ 8,00,000/- രൂപ അടങ്കലോടെ ബഹുവർഷ പ്രോജക്ടായി(137/15) അംഗീകാരം ലഭിച്ച പ്രോജക്ടിൽ 2014-15 ൽ 3,00,000/-രൂപ (മറ്റുള്ളവ ) യും 2015-16 ൽ 5,00,000/-രൂപ (വികസനഫണ്ട്-പൊതുവിഭാഗം) യുമാണ് വകയിരുത്തിയിരുന്നത് . ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി 08-12-2014ൽ 325/14-15 നമ്പർ പ്രകാരം ലഭിക്കുകയുണ്ടായി. എന്നാൽ പ്രവൃത്തി 2014-15 ൽ ആരംഭിക്കുകയുണ്ടായില്ല. 2015-16 ൽ 5,00,000/- രൂപ അടങ്കലോടെ പുതിയ പദ്ധതിക്ക്(139/16) അംഗീകാരം വാങ്ങുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു . നികുതി ഉൾപ്പെടെ 3,25,279/- രൂപയുടെ പാർട്ട് ബിൽ തയ്യാറാക്കുകയും 10% റിട്ടെൻഷൻ കഴിച്ച് 2,94,592/-രൂപ ചെലവഴിക്കുകയും ചെയ്തു. 2016-17 വർഷം 2,05,408/- വകയിരുത്തി പദ്ധതി അംഗീകാരം വാങ്ങി പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ അന്തിമ ബിൽ തുക ഇതുവരെ നൽകിയിട്ടില്ല. പ്രവത്തിയുടെ ഫയൽ, സ്ഥല പരിശോധന എന്നിവ നടത്തിയതിൽ കണ്ട അപാകത ചുവടെ കൊടുക്കുന്നു.

1) 2015-16 ൽ അഞ്ചു ലക്ഷം രൂപ അടങ്കലോടെ തയ്യാറാക്കിയ പദ്ധതിക്ക് 7,53,084/-രൂപയുടെ അന്തിമ പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുണ്ട്.

2) എസ്റ്റിമേറ്റ് പ്രകാരം 18 ാം ഇനമായി ഉൾപ്പെടുത്തിയ flooring with vetrified tiles (first quality) എന്ന പ്രവൃത്തി നടത്തിയതായി അളവു പുസ്തകത്തിൽ (എം.ബുക്ക് നം 46/15-16പേജ് 46) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം സന്ദർശിച്ചതിൽ സിറാമിക് ടൈൽ ഉപയോഗിച്ചതായാണ് കാണുന്നത്. എസ്റ്റിമേറ്റിന് വിരുദ്ധമായി നടത്തിയ എസ്റ്റിമേറ്റ് പ്രകാരം അളവെടുത്ത് ബിൽ തയ്യാറാക്കിയത് എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപനമാണ്.

മേൽ അപാകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-10** പുസ്തകം വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല.**14,820/-**രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ത.സ്വ.ഭ വകുപ്പിന്റെ 5/9/12ലെ സർക്കുലർ നം 31856/DA2/15 പ്രകാരം ലൈബ്രറികൾക്കും മറ്റും പുസ്തകം വാങ്ങുമ്പോൾ സംസ്ഥാന സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നും ബുക്ക് മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേനിന്ന് വാങ്ങാവൂ വെന്നും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ വൗച്ചർ നമ്പർ 21500223/19-6-15 പ്രകാരം മാലൂർ ഗ്രാമ പഞ്ചായത്ത് ജവഹർ വായനശാല &ഗ്രന്ഥാലയത്തിനു ചെക്ക് നമ്പർ 030211/19-6-15 പ്രകാരം 14820/- രൂപയുടെ പുസ്തകം കറന്റ് ബുക്സ് തലശ്ശേരിയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

മേൽ ഉത്തരവ് പാലിക്കാതെ നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ടോയ് ലറ്റ് നിർമാണം . സാക്ഷ്യപത്രം സമർപ്പിച്ചില്ല

ത.സ്വ.ഭ വകുപ്പിന്റെ 17/9/14ലെ സ.ഉ(സാ) 2411/14 നമ്പർ ഉത്തരവ് പ്രകാരം2014-15 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ടോയ്ലറ്റ് നിർമാണം പൂർത്തീകരിച്ചിരിക്കണം എന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ലക്ഷ്യ പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രം 2015-16 പ്രോജക്ട് സമർപ്പിക്കുമ്പോൾ ഡി പി സി ക്ക് നൽകേണ്ടതാണെന്നും നിർദേശിച്ചിരുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/15-16 dt 14-11-16 )മറുപടി ലഭിക്കുകയുണ്ടായില്ല.

സർക്കാർ ഉത്തരവ് നടപ്പിലാക്കാതെ പ്രോജക്ട് അംഗീകരിച്ചതിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വിഭാവനം ചെയ്തരീതിയിൽ പ്രോജക്ട് നടപ്പാക്കിയില്ല- 42000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്- 113/2016-പഠനവീട്-പട്ടികവർഗവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ

നിർവഹണം- ഹെഡ്മാസ്റ്റർ-ജിഎൽപിഎസ് കാഞ്ഞിലേരി

അടങ്കൽ- 45000/- (വികസനഫണ്ട്)

ബിൽനമ്പർ- 1/15-16 dt10-3-16 30000/-

ബിൽനമ്പർ- 6/15-16 dt 26-3-16 12000/-

ആകെ 42000/-

പട്ടികവർഗവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി പ്രത്യേക ട്യൂഷൻ നൽകുന്നതിനു വേണ്ടിയാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.എന്നാൽ ഈ വിദ്യാർത്ഥികൾ പട്ടികവർഗവിഭാഗത്തിൽ പെട്ടവരാണെന്നു തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. പിൻവലിച്ച മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നത് വിദ്യാർത്ഥികൾക്ക് ഭക്ഷണം വാങ്ങി നൽകുന്നതിനു വേണ്ടിയാണ്. ട്യൂഷൻ നൽകിയതിന് യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ 42000/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 മാർഗരേഖക്ക് വിരുദ്ധമായ ചെലവ് - 52000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് --6/16 സമഗ്ര വിദ്യാഭ്യാസ പദ്ധതി-

അടങ്കൽ- 150000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ബിൽ നമ്പർ 2/15-16 dt-10-3-16 58400/-

ബിൽ നമ്പർ 7/15-16 dt 26-3-16 68500/-

ആകെ- 126900/-

മാലൂർ ഗ്രാമ പഞ്ചായത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ കായികപരിശീലനം, കലാപോഷണം എന്നിവ നടത്തിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗരേഖ ജി.ഒ(എംഎസ്) 362/2013 തസ്വഭവ 16-11-13 പ്രകാരം പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കുന്നതിനും , കുട്ടികളുടെ സർഗാത്മകശേഷി വർധിപ്പിക്കുന്നതനും നിരവധി പരിപാടികൾ എസ് എസ് എ നടപ്പിലാക്കി വരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്തുകളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്എസ് എ മുഖാന്തിരം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിൽ കായികപരിശീലനം നടത്തിയതിന് ഷാജഹാൻ എൻ എന്ന പരിശീലകന് 19000/- രൂപയും, കുട്ടികൾക്ക് നൃത്തം,ചിത്രകല,ഒറിഗാമി എന്നിവയിൽ പരിശീലനം നൽകിയ വകയിൽ 33000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണ നമ്പർ 11/14.11.2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ 52000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. സർക്കാർ നിശ്ചയിച്ച നിരക്കിൽ വിതരണം ചെയ്തില്ല.1,36,900/- രൂപ ഗുണഭോക്താക്കൾക്ക് കുറവ് വന്നത് വിശദീകരിക്കേണ്ടതാണ്.

നിർവഹണം - ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നം. 5/15-16

വകയിരുത്തിയ തുക 1,25,000(വികസന ഫണ്ട്)

ചെലവ് 1,15,300( ബിൽ നം 5/15-16/23.03.16)

ചെക്ക് നമ്പർ - 0532938/22-3-16- 50,000

ആകെ - 1,65,300/-

2015-16 ആകെ സ്കോളർഷിപ്പ് വിതരണം ചെയ്ത30കുട്ടികളിൽ 13പേർ മാനസിക വെല്ലുവിളി നേരിടുന്നവരും 17 പേർ ശാരീരിക വെല്ലുവിളി നേരിടുന്നവരുമാണ്. ഇവർക്ക് കൊടുത്ത തുകയും സർക്കാർ ഉത്തരവ് (ജി.ഒ (എം.എസ്) 362/13 ത.സ്വ.ഭ.വ തീ 16/11/13) പ്രകാരം കൊടുക്കാവുന്ന തുകയും താഴെ ചേർക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്നവർ

| ക്രമനം | സർക്കാർ നിരക്ക് | കുട്ടികളുടെ എണ്ണം | നൽകാവുന്ന തുക | നൽകിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | 1000/ മാസം + 800 +1400 (വാർഷികം) | 13 | 1,84,600/- | 7500x13=97500 | 87100 |
| ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 400/ മാസം ( 4ാം ക്ലാസ് വരെ)+500(വാർഷികം) | 6 | 31800/- | 2900x6 =17600/- | 14200 |
| 2 | 500/മാസം (8ാം ക്ലാസ് വരെ)+600(വാർഷികം) | 5 | 33,000/- | 5x3900 =19500 | 13500 |
| 3 | 600/മാസം (+2വരെ) +800(വാർഷികം) | 5 | 40,000/- | 5x4800 =24,000 | 16000 |
| 4 | ബിരുദം-800/- മാസം, 1000/-(വാർഷികം) | 1 | 13,000/- | 6900 | 6100 |
| | ആകെ | | 3,02,400 | 1,65,500 | 1,36,900 |

മേൽ പട്ടിക പ്രകാരം ഓഡിറ്റ് കാലയളവിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗത്തിൽ പെട്ടവർക്ക് നൽകിയ സ്കോളർഷിപ്പിൽ 1,36,900 രൂപ കുറവ് വന്നതായി കാണാവുന്നതാണ്.

ഈ വിഭാഗം ആൾക്കാർക്ക് സർക്കാർ അനുവദിച്ച മുഴുവൻ ആനുകൂല്യവും വിതരണം ചെയ്യാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/15-16 dt14-11-16)മറുപടി ലഭിക്കുകയുണ്ടായില്ല.

## 3-15 ഈടാക്കിയ നികുതി വാണിജ്യ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മുട്ടക്കോഴി വിതരണം- നിർവഹണം- വെറ്ററിനറി സർജൻ

പ്രോജക്ട്- 12/16 മുട്ടക്കോഴി വിതരണം (വനിതാ ഗ്രൂപ്പ്)

അടങ്കൽ - 1,53,015(വികസന ഫണ്ട്)

(ഗുണഭോക്തൃവിഹിതം) – 92,000/-

ആകെ – 2,44,015/-

ബിൽ നമ്പർ- 1/15-16 dt-29-2-16 -- 1,53,015/-

മാലൂർ ഗ്രാമ പഞ്ചായത്തിലെ വനിതാ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം നടത്തുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. മിനർവ എഗ്ഗർ നഴ്സറി , കരിയാട് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് മുട്ടക്കോഴികളെ വാങ്ങിയിരിക്കുന്നത്.15-2-2016 ലെ ഇൻവോയ്സ് നമ്പർ 31 പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിൽപന നടത്തുമ്പോള് 2,07,000/-രൂപക്ക് 14.5% നിരക്കിൽ 30,015/- രൂപ VAT ഇനത്തിൽ മിനർവ്വ എഗ്ഗർ നാഴ്സറി ഈടാക്കിയിട്ടുണ്ട്. ആയത് പ്രസ്തുത സ്ഥാപനം വാണിജ്യ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 കാലിത്തൊഴുത്ത് നിർമാണം- അർഹതപ്പെട്ട മുഴുവൻ തുകയും ഗുണഭോതക്താക്കൾക്ക് നൽകിയില്ല.

പ്രോജക്ട്-19/2016 കാലിത്തൊഴുത്ത് നിർമാണം

അടങ്കൽ- 2,00,000/- വികസനഫണ്ട്

ബിൽ നമ്പർ 4/15-16 dt 19-3-16 2,00,000/-

ഗ്രാമപഞ്ചായത്തിലെ 25 അംഗീകൃത ക്ഷീരകർഷകർക്ക് പുതിയവൃത്തിയുള്ള കാലിത്തൊഴുത്ത് നിർമിച്ച് നൽകുന്നതിലൂടെ പശുക്കളുടെ ആരോഗ്യം വർധിപ്പിച്ച് പാൽ ഉത്പാദനം വർധിപ്പിക്കാനാണ് പ്രോജക്ടിലൂടെ ലക്ഷ്യം വെക്കുന്നത്. സബ്സിഡി മാർഗരേഖ ജി ഒ(എംഎസ്)362/2013 dt 16-11-13 പ്രകാരം സബ്സിഡി ഇനത്തിൽ പരമാവധി 10,000/- രൂപ അനുവദിക്കാവുന്നതാണ്.എന്നാൽ മാലൂർ ഗ്രാമപഞ്ചായത്തിൽ ഓവർസീയറുടെ വാല്വേഷൻ റിപ്പോർട് പ്രകാരം 50,000/- രൂപയിൽ കൂടുതൽ ചെലവഴിച്ച് നിർമിച്ച കാലിത്തൊഴുത്തിനു പോലും 8,000/- രൂപ മാത്രമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. 25ഗുണഭോക്താക്കൾക്ക് ന്യായമായും ലഭിക്കേണ്ടിയിരുന്ന 50,000/- രൂപ കുറവായി അനുവദിച്ചത് ഭരണസമിതി യുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-17 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1,87,500/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -11/2016 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവഹണം- വെറ്ററിനറി സർജൻ

അടങ്കൽ- 1,87,500/- വികസനഫണ്ട്

1,87,500/- സംസ്ഥാനാവിഷ്കൃതം

3,75,000/- ഗുണ. വിഹിതം

ആകെ- 7,50,000/-

ബിൽ നമ്പർ - 3/15-16 dt 10-3-16 1,87,500/-

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി എസ് എൽ ബി പി, ഡെപ്യൂട്ടി ഡയറക്ടർക്ക് ഡി ഡി നമ്പർ 722368/15-3-16 പ്രകാരം 1,87,500/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 സർക്കാർ നിശ്ചയിച്ച നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയില്ല

പ്രോജക്ട് നമ്പർ- 13/2016

നിർവഹണം- വെറ്ററിനറി സർജൻ

അടങ്കൽ- 2,17,500/- വികസന ഫണ്ട്

ബിൽ നമ്പർ-2/15-16 dt 29-2-16 1,16,536/-

ബിൽ നമ്പർ- 6/15-16 dt 19-3-16 98902/-

ആകെ - 2,15,428/- മാലൂർ ഗ്രാമപഞ്ചായത്തിലെ കന്നുകാലികൾക്ക് ഗർഭകാല പരിചരണവും

കാലിത്തീറ്റ വിതരണവും നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗരേഖ ജിഒ (എംഎസ്) 362/2013 dt 16-11-2013 പ്രകാരം ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും മൂന്ന് രൂപ നിരക്കിൽ കാലിത്തീറ്റ വിതരണം വർഷം മുഴുവനും നടത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക് വർഷത്തിൽ നാല് മാസം മാത്രം രണ്ടു രൂപ നിരക്കിലാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.ഇതുമൂലം 1,07,719/- രൂപയുടെ കാലിത്തീറ്റ കർഷകർക് ലഭിച്ചിട്ടില്ല. ക്ഷീരകർഷകർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ കാലിത്തീറ്റ വിതരണം നടത്താതിരിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-19 ആശ്രയ പദ്ധതി -പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗരേഖ, പരിഷ്കരിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരം (അനുബന്ധം 14) ആശ്രയാകുടുംബങ്ങളുടെ പരിചരണ പാക്കേജ് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം ഭൂരഹിത/ ഭവനരഹിത രായ മുഴുവൻ ആശ്രയ കുടുംബങ്ങൾക്കും പ്രസ്തുത കാര്യം നിർവഹിച്ചതിന് ശേഷം മാത്രമേ ദാരിദ്ര്യരേഖക്ക് താഴെയുള്ളകുടുംബാംഗങ്ങൾക്കു പോലും വീട് നിർമിച്ച് നൽകാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഭൂരഹിത/ ഭവനരഹിതരായ മുഴുവൻ ആശ്രയ ഗുണഭോക്താക്കൾക്കും ഭവനനിർമാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ വീട് ആവശ്യമുള്ള 42 ആശ്രയ ഗുണഭോക്താക്കളുണ്ടെങ്കിലും 29 ഗുണഭോക്താക്കൾക്ക് മാത്രമേ ഇതുവരെയായി വീട് നിർമ്മിച്ച് നൽകിയിട്ടുള്ളൂ. 28 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനും ആവശ്യമുണ്ടെങ്കിലും 16 പേർക്ക് മാത്രമാണ് ഈയിനത്തിൽ സഹായം ലഭിച്ചത്. ആശ്രയ ഗുണഭോക്താക്കളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കുടിവെള്ള പ്രശ്നപരിഹാരം ആവശ്യമുള്ള 23 ഗുണഭോക്താക്കളുണ്ടെങ്കിലും 16 ഗുണഭോക്താക്കൾക്ക് മാത്രമാണ് കുടിവെള്ളം നൽകിയത്. സമൂഹത്തിലെ തീർത്തും അശരണരായ ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ സഹായം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-20 - പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകതകൾ

1. 2012 ൽ പി.ഡബ്ല്യു.ഡി മാനുവൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ പഴയ രീതിയിലുള്ള കരാർ വ്യവസ്ഥകൾ തന്നെയാണ് 2015-16 സാമ്പത്തിക വർഷം കരാറുകാരുമായി ചമച്ച കരാറിലുള്ളത് .
2. ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതലാണ് ഡിഎസ്ആർ നിരക്കെങ്കിലും ആയതിനും കോസ്റ്റ് ഇന്റക്സ് അനുവദിച്ചു.
3. ഒഴിഞ്ഞ ബാരൽ വിലയോടൊപ്പം കോസ്റ്റ് ഇന്റക്സ് ഈടാക്കിയിട്ടില്ല.
4. 2015-16 വർഷം 222744/-രൂപ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും 1,82,885/-രൂപ ഒടുക്കിയതിന്റെ വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. കൂടാതെ ക്ഷേമനിധി വിഹിതമിനത്തിൽ ഈടാക്കിയ മുഴുവൻ തുകയുടെയും കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.
5. 2015-16 വർഷം 500000/-രൂപ മുതൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറാണ് ക്ഷണിച്ചിരിക്കുന്നത്. ഓൺലൈനായി അപേക്ഷ സ്വീകരിച്ചതിനാൽ ടെണ്ടർ ഫോമിന്റെ വില

ഗ്രാമ പഞ്ചായത്തിൽ വരവ് വരുന്നതിന്പകരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ)നം/ 477/2010 ത സ്വ ഭ വ / തീയതി 11.02.2010 | 68,22,634 | 16,14,286+<br>60,000<br>16,74,286(മുതൽ)+<br>9,49,325(പലിശ)<br>------------<br>26,23,611 | 11,64,620 | 5,61,473 | 5,09,666(മുതൽ+<br>5,57,200(പലിശ<br>------------------<br>10,66,866 |

വായ്പ/ വായ്പ തിരിച്ചടവ് മുൻ റിപ്പോർട്ട് & വാർഷീക ധനകാര്യപത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. 2014-15 വർഷം വായ്പ എടുത്തിട്ടുള്ള 30,000 രൂപയും ,2015-16 വർഷം വായ്പ എടുത്തിട്ടുള്ള 30,000 രൂപയും വാർഷീക ധനകാര്യപത്രികയിൽ ചേർക്കാൻ വിട്ടുപോയതിനാലാണ് വ്യത്യാസത്തിന് കാരണമെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്പ്മെൻറ് സൊസൈറ്റി ഷെയർ | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,33,88,271 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,23,71,925 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,129 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,91,302 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 9,129 | | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ(സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 28,650 | ഡോ.എ.പി.സുധീര (മെഡിക്കൽ ഓഫീസർ,ഹോമിയോ) |
| 3-4 | 6,00,000 | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ(സെക്രട്ടറി) |
| 3-5 | 8,60,000 | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ(സെക്രട്ടറി) |
| 3-6 | 2,11,632 | ഡോ.കെ.പി.മഞ്ജുള<br>(മെഡിക്കൽ ഓഫീസർ,പി എച്ച് സി ) |
| 3-7 | 57,800 | ശ്രീ.എം.പ്രകാശ് ബാബു<br>(അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-10 | 14,820 | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ(സെക്രട്ടറി) |
| 3-12 | 42,000 | ശ്രീ.പി.പ്രസാദൻ(ഹെഡ്മാസ്റ്റർ) |
| 3-13 | 52,000 | ശ്രീ.പി.പ്രസാദൻ(ഹെഡ്മാസ്റ്റർ) |
| 3-14 | 1,36,900 | ശ്രീ.പി.പ്രസാദൻ(ഹെഡ്മാസ്റ്റർ) |

| | | |
|---|---|---|
| 3-17 | 1,87,500 | ഡോ.ജോൺസൺ.ബി.ജോൺ (വെറ്ററിനറി സർജ്ജൻ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ<br>സെക്രട്ടറി | ശ്രീ.പ്രദീപൻ തെക്കെക്കാട്ടിൽ<br>സെക്രട്ടറി<br>മാലൂർ ഗ്രാമപഞ്ചായത്ത് | |
| ശ്രീ.പി.പ്രസാദൻ(ഹെഡ് മാസ്റ്റർ) | ശ്രീ.പി.പ്രസാദൻ (ഹെഡ് മാസ്റ്റർ)<br>ജി എൽ പി എസ് (കാഞ്ഞിലേരി ) | |
| ശ്രീ.എം.പ്രകാശ് ബാബു<br>അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.എം.പ്രകാശ്ബാബു (അസിസ്റ്റന്റ് എഞ്ചിനിയർ) | "കൃഷ്ണാഞ്ജലി'<br>എടക്കാട് (പി ഒ),കണ്ണൂർ |
| ഡോ.എ.പി.സുധീര (മെഡിക്കൽ ഓഫീസർ,ഹോമിയോ) | ഡോ.എ.പി.സുധീര<br>(മെഡിക്കൽഓഫീസർ, ഹോമിയോ) | "തംബുരു'<br>(പിഒ)നിർമ്മലഗിരി |
| ഡോ.കെ.പി.മഞ്ജുള(മെഡിക്കൽ ഓഫീസർ,പി എച്ച് സി ) | ഡോ.കെ.പി.മഞ്ജുള<br>മെഡിക്കൽ ഓഫീസർ, പി എച്ച് സി | കിളിയിലെ പറമ്പിൽ<br>തണലൂർ(പിഒ) |

| | | |
|---|---|---|
| | മാലൂർ | മലപ്പുറംജില്ല |
| ഡോ.ജോൺസൺ.ബി.ജോൺ (വെറ്ററിനറി സർജ്ജൻ) | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.എൻ.ആർ./സി4 /1508/08(15)<br>തീയതി 17-11-08/01-02-10 | 1 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി4/1320/09(1) തീയതി 24-02-2000 | 9 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി4/1320/09(2) തീയതി 24-02-2000 | 7 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി5/1560/2012 തീയതി 20-11-12 | 8 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി4/1259/10 തീയതി 11-03-2011 | 12 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി5/1562/2012 തീയതി 20-11-12 | 6 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ./സി5/1646/2012 തീയതി 21-11-12 | 22 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ./സി5/1563/2012 തീയതി 20-11-12 | 28 |

| | | |
|---|---|---|
| 2010-11,2012-13 | എൽ.എഫ്.കെ.എൻ.ആർ./സി5/1071/14 തീയതി 28-08-14 | 27 |
| 2013-14,2014-15 | നം കെ. എസ്. എ. കെ.എൻ. ആർ.സി5-1337/2016 തീയതി :5/08/2016 | |

ഡെപ്യൂട്ടി ഡയറക്ടർ.

പി.പി.യു

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ .കെ.എൻ.ആർ /C5.2045/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698

തീയ്യതി. 07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

K.S.A-K.N.R./C5.2045/2016

Kerala State Audit Department,

District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
തീയ്യതി :07-12-2016

Certified that I have audited the annual Financial Statement of MALUR Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of MALUR Gramapanchayat for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Deputy Director.

## അനുബന്ധം - 2

# RECEIPT AND PAYMENT STATEMENT MALUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 14273775.36<br>338346.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 897010.00 |
| 130000000 | Rental income from panchayath properties | RP3 | 151300.00 |
| 140000000 | Fees & User Charges | RP-4 | 653425.00 |
| 150000000 | Sale & Hire Charges | RP-5 | 75594.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7239780.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 37457.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22028279.00 |
| 350000000 | Other Liabilities | RP-36 | 34578.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 172.00 |
| 311000000 | Ear marked fund | RP-29 | 9146.00 |
| 340000000 | Deposits Received | RP-34 | 141650.00 |
| 350000000 | Other Liabilities | RP-36 | 96429.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2023451.00 |
| Grand Total | | | 48000392.36 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1335245.00 |
| 220000000 | Administrative Expenses | RP-12 | 672442.00 |
| 230000000 | Operations & Maintenance | RP-13 | 414579.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 1800049.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 6476811.00 |
| 252000000 | Decentralised Plan Programme-Infrastructure sector | RP17 | 853879.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 205000.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 858973.00 |
| 255000000 | Maintance Projects | RP-20 | 5657229.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | 75400.00 |
| 260000000 | Grants,Contributions,and Compensations from ownfund | RP-22 | 13000.00 |
| 280000000 | Prior Perid Items | RP-26 | 0.00 |
| 320000000 | Grants ,funds&contributions for specific purposes | RP-31 | 10000.00 |
| 350000000 | Othes Liabilities | RP-36 | 5064862.00 |
| Non Operating | | | |
| 240000000 | Interests & Finance Charges | RP-14 | 401.00 |
| 330000000 | Secured Loans | RP-32 | 1164620.00 |
| 340000000 | Deposits Received | RP-34 | 154150.00 |
| 350000000 | Other Liabilities | RP-36 | 1352031.00 |
| 410000000 | Fixed Assets | RP-38 | 2761652.00 |
| 412000000 | Capital Work in Progress | RP-40 | 13260792.00 |
| 420000000 | Investments | RP-41 | 20010.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 190800.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 5561537.36<br>66930.00 |
| Grand Total | | | 48000392.36 |

## അനുബന്ധം - 3

# Income and Expenditure Statement MALURGRAMAPANCHAYAT PANCHAYAT FOR THE PERIOD FROM 1-4-2015TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2688916.00 |
| 130000000 | Rental Income from panchayat properties | I-3 | 386928.00 |
| 140000000 | Fees & User Charges | I-4(b) | 716825.00 |
| 150000000 | Sale & Hire Charges | I-5(b) | 97164.00 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 56681957.00 |
| 171000000 | Interest Earned | I-8 | 37457.00 |
| 180000000 | Other Income | I-9 | 20172.00 |
| A | Total Income | | 60629419.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6335143.00 |
| 220000000 | Administrative Expenses | I-11(b) | 672442.00 |
| 230000000 | Operations & Maintenance | I-12(b) | 414579.00 |
| 240000000 | Interest & Finance Charges | I-13 | 401.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 3652473.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18690883.00 |
| 252000000 | Decentralised Plan Programme-infrastructure Sector | I-14(b) | 760455.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 205000.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 20011108.00 |
| 255000000 | Maintance Projects | I-14(e) | 5687229.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-15(a) | 0.00 |
| 260000000 | Grants,Contributions and Compensations from own fund | I-15 | 13000.00 |
| 270000000 | Provisions and Write off | I-16 | 24392.00 |
| 272000000 | Depreciation | I-17(a) | 3849053.00 |
| B | Total Expenditure | | 60316158.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 313261.00 |

| | | | |
|---|---|---|---|
| D= 280000000 | Prior Period Item | I-18 | 1273536.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (960275.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം- 4

# Balance Sheet OF MALUR GRAMA PANCHAYAT AS ON 31-3-2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 246034.06 |
| 311000000 | Ear-marked fund | B-2 | 19498.00 |
| 312000000 | Reserves | B-3 | 40321730.00 |
| | Total Reserve & Surplus | | 40587262.06 |
| | Grants , Contribution for specific purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds,Contributions for specific purposes | B-4 | 684922.95 |
| | Total Grants,Contribution for specific purposes | | 684922.95 |
| | Loans | | |
| 330000000 | Secured Loans | B-5 | 449666.00 |
| | Total Loans | | 4449666.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 247675.00 |
| 350000000 | Other Liabilities | B-9 | 553594.35 |
| | Total Current Liabilities and Provisions | | 801269.35 |
| | TOTAL LIABILITIES | | 42523120.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 40974463.00 |
| 411000000 | Accumulated Depreciation | B-11 | (10617180.00) |
| 412000000 | Capital Work In Progress | B-11(a) | 4042000.00 |
| | Total Fixed Assets | | 34399283.00 |
| | Investments | | |
| 420000000 | Investments | B-12 | 20010.00 |

| | | | |
|---|---|---|---|
| | Total Investments | | 20010.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 00.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1711758.00 |
| 440000000 | Pre-paid Expenses | B-16 | 449666.00 |
| 450000000 | Cash and Bank balance | B-17 | 5628467.36 |
| 460000000 | Loans, Advances and Deposits | B-18 | 313936.00 |
| | Total Current Assets,Loans and Advances | | 8103827.36 |
| | TOTAL ASSETS | | 42523120.36 |